പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1677** — **15.02.2016-ൽ മറുപടിക്ക്**

## ക്ഷേമപെൻഷനുകൾ

ചോദ്യം
**ശ്രീ. കെ.കെ.ജയചന്ദ്രൻ**

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ക്ഷേമപെൻഷനുകൾ നിലവിൽ ഏതെല്ലാമാണ്; പെൻഷൻ തുക എത്രയാണ്; ഓരോ പെൻഷനും അർഹതപ്പെട്ടവരുടെ എണ്ണം എത്രയാണ്; | (എ) | 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ<br>4. അൻപതു വയസ്സു കഴിഞ്ഞഅവിവാഹിതകൾക്കുള്ള പെൻഷൻ<br>5. കർഷക തൊഴിലാളി പെൻഷൻ,<br>എന്നിവയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നൽകുന്ന ക്ഷേമ പെൻഷനുകൾ.<br>പെൻഷൻ തുക<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>80 വയസ്സിനു മുകളിൽ- 1200/- രൂപ<br>80 വയസ്സിനു താഴെ - 600/- രൂപ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>80 ശതമാനത്തിനു മുകളിൽ - 1100/- രൂപ<br>80ശതമാനത്തിന് താഴെ - 800/- രൂപ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 800/- രൂപ<br>4. അൻപതു വയസ്സു കഴിഞ്ഞഅവിവാഹിതകൾക്കുള്ള പെൻഷൻ - 800/- രൂപ<br>5. കർഷക തൊഴിലാളി പെൻഷൻ - 600/- രൂപ<br>ഗുണഭോക്താക്കളുടെ എണ്ണം<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 13.54 ലക്ഷം<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ 3.25 ലക്ഷം<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 11.14 ലക്ഷം<br>4. അൻപതു വയസ്സു കഴിഞ്ഞഅവിവാഹിതകൾക്കുള്ള പെൻഷൻ - 0.70 ലക്ഷം |

5. കർഷക തൊഴിലാളി പെൻഷൻ - 5.06 ലക്ഷം

| | | | |
|---|---|---|---|
| (ബി) | ക്ഷേമ പെൻഷനുകൾക്കെല്ലാം കൂടി അർഹതയുള്ളവരുടെ ആകെ എണ്ണം എത്ര; | (ബി) | 3371806 |
| (സി) | ഓരോ ക്ഷേമ പെൻഷനും എന്നു മുതലാണ് കുടിശ്ശികയായിട്ടുള്ളത് ; കുടിശ്ശിക മുഴുവൻ നൽകുന്നതിന് ആകെ എന്ത് തുക ആവശ്യമായി വരും ; | (സി) | വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക ഗഡുക്കളുടെ കാര്യത്തിൽ ഏകീകൃത സ്വഭാവം ഇല്ല. പൊതുവായി 2014 സെപ്തംബർ മുതൽ 2015 ജനുവരി മാസം വരെയുള്ള അഞ്ച് ഗഡുക്കളാണ് കുടിശ്ശികയുള്ളത്. കുടിശ്ശിക മുഴുവൻ നൽകുന്നതിന് 1397.70 കോടി രൂപ ആവശ്യമാണ്. |
| (ഡി) | 2016-17 വർഷത്തിൽ ക്ഷേമപെൻഷനുകൾ എല്ലാം നൽകുന്നതിന് ആകെ എന്ത് തുക ആവശ്യമായി വരും; പ്രസ്തുത പെൻഷനുകൾ ഉപഭോക്താവിന് നൽകുന്നത് ഏതെല്ലാം രീതികളിലാണ്? | (ഡി) | പ്രതിമാസം 2434278200/- രൂപ . 2016-17 വർഷം നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച്(3371806) . വേണ്ടിവരുന്നത്- 29211338400/-രൂപ.<br>ബാങ്ക് അക്കൗണ്ട്, പോസ്റ്റോഫീസ് അക്കൗണ്ട്, ഇ- മണി ഓർഡർ എന്നീ മൂന്ന് വിതരണ രീതികളിലൂടെയാണ് പൊതുവായി പെൻഷൻ വിതരണം ചെയ്യുന്നത്. നിലവിൽ പോസ്റ്റോഫീസ് അക്കൗണ്ട് വഴി പെൻഷൻ വിതരണം ചെയ്യാൻ കഴിയാതെ വന്ന സാഹചര്യത്തിൽ സെപ്റ്റംബർ 2015 മുതൽ ഡിസംബർ 2015 വരെയുള്ള പെൻഷൻ തുക പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തിരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ചെക്ക് മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ